## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T*290      20.06.2018-ൽ മറുപടിയ്ക്ക്

### കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതികളുടെ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ് | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതികളുടെ ഇതുവരെയുള്ള പുരോഗതി വ്യക്തമാക്കാമോ; | (എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി ഡി.എം.ആർ.സി. തയ്യാറാക്കിയ ഡി.പി.ആർ (വിശദ പദ്ധതി രേഖ) സർക്കാർ വിശദമായ പഠനത്തിന് ശേഷം അംഗീകരിക്കുകയും പദ്ധതിക്കുള്ള ഭരണാനുമതി നൽകുകയും ചെയ്തു. കേന്ദ്രസർക്കാരിന്റെ അനുമതിക്കായി 12.08.2015-ന് വിശദമായ പദ്ധതി രേഖയും, 21.10.2015-ന് സമഗ്ര ഗതാഗത പദ്ധതി റിപ്പോർട്ടും സമർപ്പിച്ചിരുന്നു. 2017 ആഗസ്റ്റ് മാസത്തിൽ കേന്ദ്രസർക്കാർ പുറത്തിറക്കിയ പുതിയ മെട്രോ നയം പ്രകാരം നേരത്തേ സമർപ്പിക്കപ്പെട്ടിട്ടുള്ള പദ്ധതിരേഖകളിൽ കാര്യമായ മാറ്റങ്ങൾ ആവശ്യമായി വന്നു. അതനുസരിച്ച് തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് കേന്ദ്ര മെട്രോ നയത്തിന് അനുസൃതമായി അനുബന്ധരേഖ ഡി.എം.ആർ.സി. തയ്യാറാക്കി **2017** ഡിസംബറിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത രേഖകൾ പരിശോധിക്കാൻ |

ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സമിതി രൂപീകരിക്കുകയും ആയത് പരിശോധിച്ച് വരികയുമാണ്.

(ബി) കേന്ദ്ര സർക്കാരിന് പ്രസ്തുത പദ്ധതികളുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഇല്ല. കേന്ദ്ര മെട്രോ നയത്തിന് അനുസൃതമായി 2017 ഡിസംബറിൽ പുതുക്കി സമർപ്പിക്കപ്പെട്ട തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ വിശദപദ്ധതി രേഖ (ഡി.പി.ആർ) പരിശോധിക്കാൻ ധനകാര്യവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഉള്ള സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ പരിശോധന റിപ്പോർട്ട് ലഭ്യമായ ശേഷം കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കേന്ദ്രസർക്കാർ ഈ പദ്ധതികൾക്ക് അനുകൂല നിലപാട് സ്വീകരിച്ചിട്ടുണ്ടോ; സംസ്ഥാന സർക്കാർ ഈ പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(സി) കേന്ദ്ര മെട്രോ നയത്തിന് അനുസൃതമായി പുതുക്കിയ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ വിശദപദ്ധതി രേഖ (ഡി.പി.ആർ) കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഇതു സംബന്ധിച്ച നിലപാട് കേന്ദ്രസർക്കാർ വ്യക്തമാക്കിയിട്ടില്ല. സംസ്ഥാന സർക്കാർ ലൈറ്റ് മെട്രോ പദ്ധതി ഉപേക്ഷിച്ചിട്ടില്ല. ലൈറ്റ് മെട്രോ പദ്ധതിയുടെ പുതുക്കിയ വിശദ പദ്ധതി രേഖ ആവശ്യമായ പരിശോധനകൾക്ക് ശേഷം സംസ്ഥാന സർക്കാർ അംഗീകാരത്തോടെ കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്. കേന്ദ്രാനുമതിയ്ക്കു ശേഷം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) ലൈറ്റ് മെട്രോ പദ്ധതിയുടെ ഭാഗമായുള്ള സ്ഥലങ്ങളിലെ മേൽപ്പാലങ്ങളുടെ പണിയുമായി ബന്ധപ്പെട്ട് ഇതുവരെയുള്ള സ്ഥലമെടുപ്പും പുരോഗതിയും വ്യക്തമാക്കാമോ?

(ഡി) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ പാതയിൽ ഉൾപ്പെടുന്ന ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നീ ജംഗ്ഷനുകളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി. കിഫ്ബിയിൽ നിന്നും മേൽപ്പാല നിർമ്മാണത്തിനുള്ള ധനം സമാഹരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ശ്രീകാര്യം, ഉള്ളൂർ മേൽപ്പാലങ്ങളുടെ രൂപരേഖ

അംഗീകരിക്കുകയും, സ്ഥലമെടുപ്പിനുള്ള വിശദാംശങ്ങൾ ജില്ലാകളക്ടർക്ക് സമർപ്പിക്കുകയും ചെയ്തു.

ശ്രീകാര്യം മേൽപ്പാലം നിർമ്മാണത്തിനും സ്ഥലമെടുപ്പിനുമായുള്ള സാമൂഹികാഘാത പഠനം പൂർത്തിയാക്കുകയും, ഇതിന്റെ അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്മേൽ ജില്ലാകളക്ടർ നിയമിച്ച വിദഗ്ധ സമിതിയുടെ പരിശോധനയും പൂർത്തിയായിട്ടുണ്ട്.

ഉള്ളൂർ മേൽപ്പാല നിർമ്മാണത്തിന്റെ ഭാഗമായി സാമൂഹികാഘാത പഠനത്തിനുള്ള ഏജൻസിയെ ജില്ലാകളക്ടർ നിയമിച്ചു. പ്രസ്തുത പഠനം ഉടൻ ആരംഭിക്കുന്നതാണ്.

പട്ടം മേൽപ്പാലത്തിനായി പട്ടം ജംഗ്ഷൻ കേന്ദ്രീകരിച്ചുകൊണ്ടാണ് ആദ്യം രൂപരേഖ തയ്യാറാക്കിയത്. പിന്നീട് പ്രസ്തുത മേൽപ്പാലം പട്ടം മുതൽ പ്ലാമൂട് വരെ നീട്ടിക്കൊണ്ടുള്ള പുതുക്കിയ രൂപരേഖ ഡി.എം.ആർ.സി സമർപ്പിച്ചു. ഇത് പരിശോധിച്ചു വരുന്നു. പരിശോധന പൂർത്തിയായ ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ